# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നീണ്ടൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം പി9/ 764/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 30/06/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നീണ്ടൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നീണ്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീണ്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെടിഎം പി9/ 764/2021 തീയ്യതി: 30/06/2021

## കോട്ടയം ജില്ലയിലെ നീണ്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ നീണ്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-06-2021 | 28-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 28-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത ജി നായർ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി യു സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ബിനിത് രാജൻ ഓഡിറ്റർ
ശ്രീ ഉണ്ണികൃഷ്ണൻ എം ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എ ജി വിമലക്കുട്ടിയമ്മ | പ്രസിഡന്റ് | 01-04-2019 | 09-12-2019 |
| തോമസ് ജോസഫ് വൈസ് പ്രസിഡന്റ് (അധിക ചുമതല) | പ്രസിഡന്റ് | 10-12-2019 | 05-01-2020 |
| കുഞ്ഞുമോൾ ജോസ് | പ്രസിഡന്റ് | 06-01-2020 | 31-03-2020 |
| ശ്രീമതി ബീമ എം | സെക്രട്ടറി | 01-04-2019 | 13-10-2020 |
| ശ്രീ വിനോദ് കുമാർ ഇ ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-10-2019 | 25-10-2019 |
| ശ്രീമതി ബീമ എം | സെക്രട്ടറി | 26-10-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിനോദ് കുമാർ ഇ ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി .അഹന മനോഹർ | അസിസ്റ്റന്റ് എൻഞ്ചിനീയർ | 01-04-2019 | 21-07-2019 |
| ശ്രീമതി .പ്രിയ ഫിലിപ്പ് | അസിസ്റ്റന്റ് എൻഞ്ചിനീയർ | 22-07-2019 | 31-03-2020 |
| ശ്രീമതി .നിത്യ സി പി | കൃഷി ഓഫീസർ | 01-04-2019 | 08-10-2019 |
| ശ്രീമതി .ലിനെറ്റ് ജോർജ് | കൃഷി ഓഫീസർ | 09-10-2019 | 03-03-2020 |
| ശ്രീമതി .കവിത വി ജെ | കൃഷി ഓഫീസർ | 04-03-2020 | 31-03-2020 |
| ശ്രീമതി .ഡോ.മഞ്ജുഷ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ ബിജോയ് | വി ഇ ഒ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| സേവ്യർ | | | |
| ശ്രീ ഹരികൃഷ്ണൻ ബി | വി ഇ ഒ | 12-12-2019 | 31-03-2020 |
| ശ്രീ ഡോ.മഹേഷ് ബാബു | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി .ഡോ. മെറിൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീ ഡോ. ആഷ പി നായർ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2019 | 31-03-2020 |
| ശ്രീമതി .രാജി എസ് മാണി | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി . ലിബിൻ ജേക്കബ് | എെ സി ഡി എസ് ,സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

ഇല്ല

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്.<br>Written By: A Indulekha (Audit Officer, On 26-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-1 |
| 2 | വാർഷിക കണക്കുകളുടെ അവലോകനം<br>Written By: Ambili.U (Senior Grade Auditor, On 26-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Ambili.U (Senior Grade Auditor, On 27-06-2021)<br>Last Updated By: Smitha G Nair (Asst. Audit Officer, On 30-06-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം.<br>Written By: A Indulekha (Audit Officer, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: A Indulekha (Audit Officer, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി<br>Written By: Ambili.U (Senior Grade Auditor, On 27-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: A Indulekha (Audit Officer, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-06-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: A Indulekha (Audit Officer, On 28-06-2021)<br>Last Updated By: A Indulekha (Audit Officer, On 28-06-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: A Indulekha (Audit Officer, On 27-06-2021)<br>Last Updated By: Bineeth Rajan (Auditor, On 28-06-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം.<br>Written By: A Indulekha (Audit Officer, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-06-2021) | 1-10 |
| 11 | മാനുവൽ രസീത് പരിപാലനം - അപാകതകൾ<br>Written By: Bineeth Rajan (Auditor, On 28-06-2021)<br>Last Updated By: Smitha G Nair (Asst. Audit Officer, On 30-06-2021) | 1-11 |
| 12 | ILGMS അക്കൗണ്ടിംഗ് പ്രക്രിയ<br>Written By: Bineeth Rajan (Auditor, On 28-06-2021)<br>Last Updated By: Smitha G Nair (Asst. Audit Officer, On 30-06-2021) | 1-12 |
| 13 | ബാങ്ക് റീകൺസിലിയേഷൻ പൂർത്തിയായിട്ടില്ല.<br>Written By: Bineeth Rajan (Auditor, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-13 |
| 14 | ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകളിൽ ബാലൻസ് തുക നിർജ്ജീവമായി നിലനിൽക്കുന്നു<br>Written By: Ambili.U (Senior Grade Auditor, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-14 |
| 15 | വസ്തു നികുതി ഈടാക്കിയില്ല<br>Written By: Unnikrishnan M (Auditor, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-06-2021) | 1-15 |
| 16 | വസ്തു നികുതി ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Unnikrishnan M (Auditor, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-16 |
| 17 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Unnikrishnan M (Auditor, On 28-06-2021) | 1-17 |

| | | |
|---|---|---|
| | Last Updated By: Anju P Natarajan (Computer Assistant, On 29-06-2021) | |
| 18 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.<br>Written By: Ambili.U (Senior Grade Auditor, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-18 |
| 19 | വാടക ഈടാക്കുന്നില്ല.<br>Written By: Ambili.U (Senior Grade Auditor, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-19 |
| 20 | ഖരമാലിന്യ സംസ്കരണം തുടർനടപടി സ്വീകരിച്ചിട്ടില്ല<br>Written By: A Indulekha (Audit Officer, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-20 |
| 21 | നീർത്തട മാസ്റ്റർ പ്ലാൻ - തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-21 |
| 22 | കന്നുകുട്ടി പരിപാലന പദ്ധതി- അപാകതകൾ<br>Written By: Smitha G Nair (Asst. Audit Officer, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-22 |
| 23 | മരാമത്ത് പ്രവൃത്തികൾ- അപാകതകൾ<br>Written By: Smitha G Nair (Asst. Audit Officer, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-23 |
| 24 | ആസ്തി പരിപാലനം<br>Written By: A Indulekha (Audit Officer, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-24 |
| 25 | പ്രവൃത്തി നടപ്പാക്കിയില്ല-കരാർ ലംഘനം നടത്തിയ കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടണമെന്ന കമ്മിറ്റി തീരുമാനം നടപ്പാക്കിയില്ല<br>Written By: Smitha G Nair (Asst. Audit Officer, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-25 |
| 26 | ലൈഫ് പദ്ധതി അവലോകനം<br>Written By: A Indulekha (Audit Officer, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-06-2021) | 1-26 |
| 27 | പ്രത്യേക ആവശ്യങ്ങൾക്കു ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.<br>Written By: Ambili.U (Senior Grade Auditor, On 27-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: A Indulekha (Audit Officer, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-06-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 27-06-2021)<br>Last Updated By: A Indulekha (Audit Officer, On 27-06-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A Indulekha (Audit Officer, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| | Written By: A Indulekha (Audit Officer, On 27-06-2021)<br>Last Updated By: A Indulekha (Audit Officer, On 27-06-2021) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: A Indulekha (Audit Officer, On 27-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: A Indulekha (Audit Officer, On 27-06-2021)<br>Last Updated By: A Indulekha (Audit Officer, On 27-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി ഈയിനത്തിൽ തൻവർഷം വരവില്ല.<br>Written By: A Indulekha (Audit Officer, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-06-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ ഇല്ല<br>Written By: A Indulekha (Audit Officer, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-06-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം ഇല്ല<br>Written By: A Indulekha (Audit Officer, On 27-06-2021)<br>Last Updated By: A Indulekha (Audit Officer, On 27-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A Indulekha (Audit Officer, On 27-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: A Indulekha (Audit Officer, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-06-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

2019-20 വർഷത്തെ ബജറ്റ് 23.02.2019-ാം തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 20.02.2020 ലെ 7(1)-ാം നമ്പർ തീരുമാന പ്രകാരം 2019-20 ലെ ബജറ്റ് പുതുക്കി അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരമുള്ള വരവുചെലവ് യഥാർത്ഥ വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്തിലുള്ളത് |
|---|---|---|
| പ്രാരംഭ ബാക്കി | 1,23,49,092 | 16508147.41 |
| വരവ് | 9,92,67,934 | 40,376,105 |
| ആകെ | 11,16,17,026 | 56,884,252.41 |
| ചെലവ് | 10,07,33,904 | 37,945,892 |
| നീക്കിബാക്കി | 1,08,83,122 | 18,938,360.41 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവുചെലവു കണക്കുകളും യഥാർത്തിലുള്ള കണക്കുകളും തമ്മിൽ അന്തരം നിലനിൽക്കുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214, 214(1) എന്നിവയിലെ വ്യവസ്ഥകൾ പരിഗണിച്ചായിരിക്കണം ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടത്.

### 1-2 വാർഷിക കണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 21.05.2020 ലെ 2-ാം നമ്പർ കമ്മറ്റിയിൽ അംഗീകരിച്ച വാർഷിക ധനകാര്യ പത്രികയിൽ റസീറ്റ് ആന്റ് പെയ്മെന്റ് പ്രകാരം 16508147.41/-രൂപ പ്രാരംഭബാക്കിയും 40376105/-രൂപ തൻവർഷ വരവും 37945892/-രൂപ തൻവർഷ ചെലവും 18938360.41/-രൂപ നീക്കിബാക്കിയുമായി ചേർത്തിരിക്കുന്നു. ഇൻകം ആന്റ് എക്സ്പെന്റിച്ചർ പ്രകാരം 60,804,154/-രൂപ വരുമാനവും 62,164,819/-രൂപ ചെലവും ഉൾപ്പെടുത്തിയിരിക്കുന്നു. തൻവർഷം ലഭിച്ച മുൻകാലവരുമാന തുക 405,986/-രൂപ ഉൾപ്പെടെ 1,766,651/-രൂപ തൻവർഷത്തെ പ്രവർത്തന നഷ്ടമായി കണക്കാക്കുന്നു. 31.03.2020 ലെ ബാലൻസ് ഷീറ്റ് പ്രകാരം 42,843,737.41/-രൂപ ആസ്തിമൂല്യമായും 30,042,375.41/-രൂപ ബാദ്ധ്യതയായും ഉൾപ്പെടുത്തിയിരിക്കുന്നു. തൻവർഷത്തെ പഞ്ചായത്ത് ജനറൽ ഫണ്ട് 12801361.56/-രൂപയുമാണ്. വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011 ലെ ജി. ഒ. (എം. എസ്) 152/11 ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിട്ടില്ലത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
3. വസ്തുനികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡി സി ബി തുക സഞ്ചയപ്രകാരമുള്ള തുക കളുമായി പൊരുത്തപ്പെടുന്നില്ല.
4. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല (ഷെഡ്യൂൾ I-16) .
5. ബാലൻസ് ഷീറ്റിൽ State Govt Cess /Levies In Property Tax (ലൈബ്രറി സെസ്സ്) ഇനത്തിലുള്ള തുക വസ്തുനികുതി കുടിശ്ശിക തുകയുടെ നിശ്ചിത നിരക്കുമായി പൊരുത്തപ്പെടുന്നില്ല.
6. വികസന ഫണ്ട് (എസ്.സി.പി) ചെലവ് തുക, വാർഷിക കണക്കുകളും സാംഖ്യ എ.സി ആറ് മായി പൊരുത്തപ്പെടുന്നില്ല

### 1-3 സാമ്പത്തിക വിശകലനം.

(എ) സംക്ഷിപ്ത വിവരം

| | തുക |
|---|---|
| മുന്നിരിപ്പ് | 16508147.41 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40,376,105 |
| ആകെ | 56,884,252.41 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37,945,892 |
| നീക്കിയിരുപ്പ് | 18,938,360.41 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-4 ഫണ്ട് വിനിയോഗം.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9,397,535 | 9,397,535 | 8,0770,38 | 1,320,497 | 85.94 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 3,893,294 | 3,893,294 | 3,380,641 | 512,653 | 86.83 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 274,000 | 274,000 | 44,598 | 229,402 | 16.27 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 7,691,896 | 7,691,896 | 3,823,223 | 3868673 | 49.70 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 3788000 | 3788000 | 1590654 | 2197346 | 41.99 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 3251000 | 3251000 | 1287920 | 1963080 | 39.61 |
| എംജിഎൻആർഇജിഎസ് | 20487.30 | 9669088 | 9689575.30 | 9559725 | 129850.30 | |
| ടി.എസ്.സി.(ഒ ഡി ഫ്) | 1098837 | 0 | 1098837 | 359200 | 739637 | |
| ഐസിഡിഎസ് | 289214 | 564657 | 853871 | 835334 | 18537 | |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് . എസിആർ, ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തൻമൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരുപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കുവാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായിട്ടാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

ജി.ഒ പ്രോജക്ട് പ്രകാരം തിരിച്ചടവായി സ്രോതസ്സിൽ കുറവ് ചെയ്ത തുക വാർഷിക കണക്ക് വരവ് ചെലവ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ വികസനഫണ്ട് (ജനറൽ) എസ്.സി.പി എന്നിവയുടെ ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എ.സി.ആർ സുലേഖ ചെലവ് പത്രിക എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-5 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) മൂന്നാം വാർഷികപദ്ധതിയാണ് 2019-20 ലേത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി

കാലയളവിനുള്ളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതി സുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്.

പദ്ധതി രൂപീകരണത്തിന്റെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന: സംഘടിപ്പിക്കുകയും 19.11.2018 ൽ 14 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ്റിപ്പോർട്ട് ) പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട് . തയാറാക്കിയ കരട് പ്രോജ്ക്ടുകൾ 17.11.2018—25.11.2018 വരെ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭായോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 04.12.2018 ൽ നടന്ന വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. 13.11.2018-ൽ ഊരുകൂട്ടങ്ങളും 14.11.2018 ഭിന്നശേഷിഗ്രാമസഭയും കൂടിയിട്ടുണ്ട്. കൂടാതെ പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ രണ്ടാം വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-3-17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പടുത്തിയിട്ടില്ല . പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.

2019-20 വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി 2707/18/DPC/DPO/KTM തീയതി06.03.2020

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ സുലേഖ പത്രിക പ്രകാരമുള്ള ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്റ്റുകൾ | നടപ്പിലാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 4074200 | 2047990 | 50.26 |
| വെറ്റിനറി സർജൻ | 6 | 6 | 3283300 | 2211299 | 67.34 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | 3 | 3 | 1250000 | 1089355 | 87.14 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 200000 | 200000 | 100 |
| വി ഇ ഒ | 11 | 8 | 7981595 | 5333780 | 66.82 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 4 | 3 | 3890000 | 3363401 | 86.46 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1000000 | 300000 | 30 |
| സെക്രട്ടറി | 27 | 22 | 5387251 | 4083083 | 75.79 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 88 | 31 | 22781000 | 5133098 | 22.53 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 8 | 1282007 | 928791 | 72.44 |
| ആകെ | 158 | 88 | 51,229,353 | 24,790,797 | 48.39 |

കാർഷികമേഖലയിലും മൃഗസംരക്ഷണമേഖലയിലും പതിവു പ്രോജക്ടുകൾക്കു മാത്രമാണ് തുക ചെലവഴിച്ചത്. സെക്രട്ടറി, ഉൾപ്പെടെയുള്ള മറ്റ് നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണം തൃപ്തികരമായിരുന്നു.

തുടർച്ചയായ വർഷങ്ങളിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുകയും തുക വകയിരുത്തുകയും ചെയ്യുന്നുണ്ടെങ്കിലും ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിന് സ്ഥിരം സംവിധാനമുണ്ടാക്കാൻ സാധിച്ചിട്ടില്ല. അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം മൂലം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിന് സാധിക്കുന്നില്ല. വിവിധ അങ്കണവാടികളുടെ മെയിന്റനൻസിനും, വിവിധ സ്കൂളുകളിൽ മെയിന്റനൻസിനും, കുടിവെള്ള പദ്ധതികൾ നവീകരിയ്ക്കുന്നതിനും പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നെങ്കിലും നടപ്പാക്കിയിട്ടില്ല.

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 31 പ്രവൃത്തികളിൽ 90% പ്രവൃത്തികളും റോഡ് വികസനത്തിനായുള്ളതാണ്. പുതിയ പദ്ധതികളിൽ പത്ത് ശതമാനം പോലും ഓഡിറ്റ് വർഷം പൂർത്തീകരിച്ചിട്ടില്ല. സ്പിൽഓവർ പ്രോജക്ടുകളിൽ എട്ട് എണ്ണം ഇനിയും പൂർത്തീകരിയ്ക്കാൻ അവശേഷിയ്ക്കുന്നു. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കിയതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

ആസൂത്രണ സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമ സഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമ സഭയിലാണ്. ഗ്രാമ സഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല. പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല.

<u>മോണിട്ടറിംഗ് ഫലപ്രദമല്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-5 എ വിനിയോഗലക്ഷ്യം കൈവരിച്ചില്ല 1.009 കോടി രൂപ നഷ്ടപ്പെട്ടു

തൻ വർഷം സഞ്ചിത നിധിയിലേക്ക് തിരികെ എടുക്കപ്പെട്ട തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 1,320,497 |
| വികസന ഫണ്ട്( എസ് സി പി) | 512,653 |
| വികസന ഫണ്ട് (ടി എസ് പി) | 229,402 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 3,868,673 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 2,197,346 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 1,963,080 |
| ആകെ | 10,091,651 |

പ്രവൃത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കും സർക്കാർ ഫണ്ട് നഷ്ടപ്പെടാൻ പ്രധാന കാരണമാണ്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതല ഉണ്ടായിരുന്ന മരാമത്ത് പ്രവൃത്തികളിൽ പകുതിയിൽ കൂടുതൽ പ്രോജക്ടുകളും നടപ്പിലായില്ല. ഫണ്ട് ലാപ്സാകുന്നതിൽ ഇത് പ്രധാന കാരണമായി ഭവിച്ചു. തൻവർഷത്തേയ്ക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള ആകെ പദ്ധതി തുകയ്ക്ക് ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ (സ്പിൽ ഓവർ ഉൾപ്പെടെ), അതല്ലെങ്കിൽ സ്പിൽഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് ലഭിക്കാൻ സാദ്ധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമായിരുന്ന തുകയിൽ 1.009കോടി രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്. ഇതിൽ തിരികെ ലഭിക്കാൻ അർഹതയുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് ഇപ്രകാരമുണ്ടാകുന്ന അപരിഹാര്യമായ നഷ്ടം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-2020 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 7 ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-2020 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 354 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 354 പ്രോജക്ടുകളിൽ 144 എണ്ണവും തൻവർഷം നടപ്പിലാക്കി. 2019-2020 വർഷം 29975 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 425 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, തോടിന് ആഴം കൂട്ടൽ, കിണർ നിർമ്മാണം, തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ, ആട്ടിൻകൂട് നിർമ്മാണം, സോക്ക് പിറ്റ് നിർമ്മാണം, കാലിതൊഴുത്ത് നിർമ്മാണം തുടങ്ങിയ പ്രോജക്റ്റുകളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ക്യാഷ്ബുക്ക് പ്രകാരമുള്ള 2019-2020 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 20487.30 | 629426 | 649913.30 | 520063 | 129850.30 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 9039662 | 9039662 | 9039662 | - |
| | 20487.30 | 9669088 | 9689575.30 | 9559725 | 129850.30 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 34080 | 43 |
| കർഷകതൊഴിലാളി പെൻഷൻ | 3365400 | 555 |
| വിധവാപെൻഷൻ | 3193800 | 500 |
| വാർദ്ധക്യകാലപെൻഷൻ | 6503100 | 1133 |
| വികലാംഗപെൻഷൻ | 1518200 | 251 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 201000 | 32 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.06.2021 3.30 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43961/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരിൽ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. 1.09.2020 മുതൽ ILGMSസംവിധാനത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായം ആരംഭിച്ചിട്ടുണ്ട് . വിശദാംശങ്ങൾ ഖണ്ഡിക 1-12യിൽ സൂചിപ്പിച്ചിട്ടുണ്ട്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണം സ്ഥാപനത്തിൽ നിലനിൽക്കുന്നു. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്(31.08.2020 വരെ)

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യുർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യുർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തി വരുന്നു.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട്നമ്പർതീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| | നടത്തിയതിന്റെ വിവരം | | |
| പെർഫോമൻസ് ഓഡിറ്റ് | 28.04.21 | 2020-2021 | - |
| അക്കൗണ്ടന്റ് ജനറലിന്റ് ഓഡിറ്റ് | 27.02.2018-09.03.2018 | 2012-13 മുതൽ 2016-17 വരെ | LBA(HQ)II/8A-2720/382,Dated 12.04.2018 |

## 1-11 മാനുവൽ രസീത് പരിപാലനം - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ മാനുവൽ രസീത് പരിപാലനം സംബന്ധിച്ച് താഴെപ്പറയുന്ന

അപാകതകൾ കാണുന്നു.

1. 01.11.2019 ൽ ശ്രീ. രാജേഷ് വി, ക്ലർക്കിന് ഇഷ്യൂ ചെയ്തിരുന്ന 36701 നമ്പർ രസീത് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 8/24.06.2021) നൽകിയ മറുപടിയിൽ മേൽ രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

രസീത് ബുക്ക് പ്രകാരം പിരിവ് നടത്തിയ തുകകൾ അടവാക്കിയതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടുണ്ട്.രസീതുകൾ സമയബന്ധിതമായി പരിശോധനയ്ക്ക് ഹാജരാക്കാത്തത് ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.രസീത് ബുക്ക് ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

2. 20.03.2020 ൽ വിതരണം നടത്തിയ മാനുവൽ രസീത് ബുക്ക് നമ്പർ 61563 ക്യാഷ് കളക്ഷനായി ഉപയോഗിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 8/24.06.2021) നൽകിയ മറുപടിയിൽ ലോക്ക് ഡൗൺ നിമിത്തം 24.03.2020 നു ശേഷം ഔട്ട്ഡോർ ക്യാഷ് കളക്ഷൻ നടത്താൻ സാധിക്കാതിരുന്നതിനാൽ രസീത് ബുക്ക് ഉപയോഗിച്ചില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്.കൂടാതെ 2019-20 വർഷത്തേക്ക് ഇഷ്യൂ ചെയ്ത രസീത് ബുക്ക് ആയതിനാൽ തുടർന്ന് ഉപയോഗിക്കാതെ സൂക്ഷിക്കുകയായിരുന്നു എന്നും അറിയിച്ചു. രസീത് ബുക്കിൽ നിന്നും ലീഫുകളൊന്നും ഉപയോഗിക്കാത്ത സാഹചര്യത്തിൽ മേൽ രസീത് ബുക്ക് വീണ്ടും സ്റ്റോക്കിലെടുത്ത് ക്യാഷ് കളക്ഷനു വേണ്ടി ഉപയോഗിക്കേണ്ടതാണ്.

മാനുവൽ രസീതുകളുടെ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും പിഴവുകൾ ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഈ വിഷയത്തിൽ വേണ്ട മേൽനോട്ടം വഹിക്കേണ്ടതുമാണ്.

## 1-12 ILGMS അക്കൗണ്ടിംഗ് പ്രക്രിയ

01.09.2020 മുതൽ പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് പ്രക്രിയ ILGMS (Integrated Local Governance Management System) സോഫ്റ്റ് വെയർ മുഖേനയാണ് നടത്തുന്നത്. 01.09.2020 മുതൽ 31.03.2021 വരെയുള്ള കാലഘട്ടത്തിലെ വിവിധ വരവിനങ്ങളിലെ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ILGMS സംവിധാനം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. റീകൺസിലിയേഷൻ നടത്തുന്നതിനും ,രസീതുകൾ സേർച്ച് ചെയ്ത് കണ്ടുപിടിക്കുന്നതിനും നിലവിൽ സംവിധാനമില്ല.വിവിധ ശീർഷകങ്ങളുടെ ലെഡ്ജർ തയ്യാറാക്കാൻ സാധിക്കുന്നില്ല.അക്കൗണ്ട്സ് മൊഡ്യൂളിൽ ആവശ്യമായ മൈനർ ഫംഗ്ഷൻ ലഭ്യമാകാത്തത് മൂലം പല ചെലവിനങ്ങൾക്കും പേയ്മെന്റ് ഓർഡർ തയ്യാറാക്കുന്നതിനു ബുദ്ധിമുട്ട് നേരിടുന്നുണ്ട്.പഞ്ചായത്തിൽ 15.09.2020 തീയതി മുതൽ ILGMS സംവിധാനത്തിലൂടെയാണ് ഫ്രണ്ട് ഓഫീസിൽ പണമിടപാടുകൾ നടത്തുന്നത്. മേൽ തീയതി വരെ ഉപയോഗിച്ചിരുന്ന സാംഖ്യ രസീതുകളിൽ അവശേഷിച്ചവ (രസീത് നമ്പർ 3120392 മുതൽ 3120400 വരെ) നിലവിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. മേൽ രസീതുകൾ സംബന്ധിക്കുന്ന തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.പുതിയ സംവിധാനം നിലവിൽ വന്ന സാഹചര്യത്തിൽ രസീതുകൾ ഡിസ്പോസ് ചെയ്യുന്നത് സംബന്ധിച്ച് അടിയന്തിരമായി തീരുമാനമെടുക്കേണ്ടതാണ്.സൂചിക രസീതുകളും നിലവിൽ ഉപയോഗിക്കുന്നില്ല.മേൽ രസീതുകൾ സംബന്ധിച്ചും തീരുമാനമെടുക്കേണ്ടതാണ്.

## 1-13 ബാങ്ക് റീകൺസിലിയേഷൻ പൂർത്തിയായിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഇ പേമെന്റ് അക്കൗണ്ടായ 36924913710 ന്റെ (എസ് ബി ഐ, നീണ്ടൂർ) ബാങ്ക് റീകൺസിലിയേഷൻ പൂർത്തിയായതായി കാണുന്നില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 9/24.06.2021)ലഭ്യമാക്കിയ മറുപടിയിൽ ബാങ്ക് അക്കൗണ്ടുമായി ഐ കെ എം അപ്ഡേഷൻ പൂർത്തിയാകാത്തതിനാലാണ് റീകൺസിലിയേഷൻ ചെയ്യാൻ കഴിയാതിരുന്നത് എന്നറിയിച്ചു. റീകൺസിലിയേഷൻ പൂർണ്ണമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

അക്കൗണ്ടിംഗ് സമ്പ്രദായം ILGMS ലേയ്ക്ക് മാറിയതിനാൽ 09/2020 മുതൽ ഗ്രാമപഞ്ചായത്ത് ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.നിലവിൽ റീകൺസിലിയേഷൻ ഫംഗ്ഷൻ ILGMS ൽ ഇല്ലെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.ഐ കെ എമ്മുമായി ബന്ധപ്പെട്ട് റീകൺസിലിയേഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകളിൽ ബാലൻസ് തുക നിർജ്ജീവമായി നിലനിൽക്കുന്നു

1) മുൻവർഷങ്ങളിൽ എസ് എസ് എ വിഹിതം നൽകുന്നതിന് എസ് ബി ഐ കൈപ്പുഴ ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള A/C-309278120572054 നമ്പർ അക്കൗണ്ടിൽ 6091/-രൂപ ബാലൻസ് നിലനിൽക്കുന്നു. നിലവിൽ ഈ അക്കൗണ്ടിലൂടെ പ്രോജക്ട് തുകകൾ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നില്ല. തുകകൾ നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-07/24.01.21) അക്കൗണ്ട് ക്ലോസ് ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടിലഭ്യമാക്കി.

2) നീണ്ടൂർ സർവീസ് കോപ്പറേറ്റീവ് ബാങ്കിൽ 17.03.2004ൽ സ്പെഷ്യൽ റിവോൾ വിംഗ് ഫണ്ട് ഇനത്തിൽ ആരംഭിച്ചിട്ടുള്ള A/C 171710 നമ്പർ അക്കൗണ്ടിൽ 586,479/-രൂപ ബാലൻസ് തുക നിർജ്ജീവമായി നിലനിൽക്കുന്നു. ഈ അക്കൗണ്ടിലൂടെയുള്ള ഇടപാടുകൾ അക്കൗണ്ട് ആരംഭിച്ചതിന്റെ ഉദ്ദേശം തുടങ്ങിയ വിശദാംശംങ്ങൾ വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-11/25.06.2021) 2002-03 വർഷം മുതൽ കർഷകർക്ക് കാർഷിക പ്രവർത്തിയിൽ ഏർപ്പെടുന്നതിന് പ്രോത്സാഹനം നൽകുന്നതിനുവേണ്ടിയാണ് ഈ ഫണ്ട് ആരംഭിച്ചത് എന്നും നിലവിൽ സാമ്പത്തിക സഹായം നൽകുന്നില്ലായെന്നും തുടർ വർഷങ്ങളിൽ പുനരാരംഭിക്കുമെന്നും മറുപടി നൽകി. തുടർ വർഷങ്ങളിൽ പ്രോജക്ട് ആരംഭിക്കുകയോ അല്ലാത്തപക്ഷം ഇടപാടുകൾ ഇല്ലാത്ത സാഹചര്യത്തിൽ അക്കൗണ്ടിൽ ബാലൻസ് നിൽക്കുന്നതുക അക്കൗണ്ട് ക്ലോസ് ചെയ്ത് തുക ലഭ്യമായ സ്ഥാപനത്തിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ അക്കൗണ്ടിൽ ബാലൻസ് നിൽക്കുന്ന തുകയുടെ വിവരം ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

| ക്രമനം | അക്കൗണ്ട് | ഇനം | തുക |
|---|---|---|---|
| 1 | എസ് ബി ഐ- A/C-309278120572054 കൈപ്പുഴ | എസ് എസ് എ | 6091 |
| 2 | എസ് സി ബി -A/C 171710 നീണ്ടൂർ,(17.03.2004) | സ്പെഷ്യൽ റിവോൾ വിംഗ് ഫണ്ട് | 586,479 (31.03.2020) |

## 1-15 വസ്തു നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ വാർഡ് IV - ൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറിന്റെ വസ്തു നികുതി സമയബന്ധിതമായി ഈടാക്കിയതായി , സഞ്ചയ വെബ് പോർട്ടൽ പരിശോധനയിൽ വ്യക്തമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ നം. | മൊബൈൽ കമ്മ്യൂണിക്കേഷൻ ടവർ | കുടിശ്ശിക കാലയളവ്/ വർഷം | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ നികുതി തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | 4/423A | ചെന്നൈ നെറ്റ്‌വർക്ക് ഇൻഫ്രാസ്ട്രക്ച്ചർ ലി. | 2019-20 | 59475 | 2974 | 62449 |
| | | ആകെ കുടിശ്ശിക തുക | | | | 62,449/- |

പ്രസ്തുത നികുതി തുക ഈടാക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [13/25.06.2021], ടി വിഷയം 'കോർട്ട് സ്റ്റേ' വിഭാഗത്തിൽപ്പെടുത്തിയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. വ്യവഹാര നടപടികൾ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക്, ബന്ധപ്പെട്ട വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 വസ്തു നികുതി ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു

ഓഡിറ്റ് വർഷം, സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം 6,21,214 /- രൂപ വസ്തുനികുതിയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നികുതിയിനം | തുക |
|---|---|---|
| 1. | റസിഡൻഷ്യൽ (കറന്റ്) | 154361 |
| 2. | നോൺ റസിഡൻഷ്യൽ (കറന്റ്) | 145317 |
| 3. | റസിഡൻഷ്യൽ (അരിയർ) | 14566 |
| 4. | നോൺ റസിഡൻഷ്യൽ (അരിയർ) | 306970 |
| | ആകെ | 6,21,214/- |

കുടിശ്ശിക നികുതി തുക ഈടാക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [14/25.06.2021], മറുപടി ലഭ്യമായിട്ടില്ല.

നികുതി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി ഈടാക്കിയില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | ശ്രീ ദുർഗ്ഗ പെട്രോൾ പമ്പ് | II |
| 2. | കൊശമറ്റം ഫിനാൻസ് ലി. പ്രാവട്ടം | II |
| 3. | കുഴികണ്ടത്തിൽ ഹോമിയോപതിക് സെന്റർ, കൈപ്പുഴ | II |
| 4. | വിവിധ വാർഡുകളിലുള്ള റേഷൻ കടകൾ | I, II |
| 5. | അക്ഷയ സെന്റർ, പ്രാവട്ടം | I, II |
| 6. | അക്ഷയ സെന്റർ, കൈപ്പുഴ | I, II |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് വർഷം തൊഴിൽ നികുതി (ജീവനക്കാരുടെ തൊഴിൽ നികുതി & സ്ഥാപന തൊഴിൽ നികുതി) ഈടാക്കിയതായി പരിശോധനയിൽ വ്യക്തമായിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [12/25.06.2020], തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭിച്ചിട്ടുണ്ട്. നികുതി തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

1) പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പ്രാവട്ടം ജംഗഷനിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് ലെ മുറികൾ, ഫിഷ് മാർക്കറ്റ് സ്റ്റാൾ എന്നിവ 26.02.2019 ലെ 6(1), 6(3) തീരുമാന പ്രകാരം കരാർ പുതുക്കി വാടകക്ക് നൽകിയിട്ടുണ്ട്. ടി കരാറുകാർ തൻവർഷം വാടക അടവാക്കിയിട്ടില്ല. വാടക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-11/25.06.2021) കെ.എസ് കരുണാകരൻ വാടക ഇനത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ നിന്നും വാടക ക്രമീകരിക്കുന്നതാണെന്നും ശ്രീ. കെ.എം ജോസഫിനെതിരെ ആർ.ആർ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ഈ കുടിശ്ശികക്കാരിൽനിന്നും മേൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി വാടക കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമനം | പേരുവിവരം | വാടക കെട്ടിട നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | കെ എസ് കരുണാകരൻ കട്ടകയത്ത് മാല്യൽ | 10 | 1901 | 04/2019 -03/2020 | 22812 |
| 2 | കെ എം ജോസഫ് | 3 | 998 | 04/2019 -03/2020 | 11976 |
| ആകെ കുടിശ്ശിക തുക | | | | | 34788 |

2) ഫൈബർ ബോട്ടിന്റെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഫൈബർ വള്ളം 26.02.2019 ലെ 6(1) നമ്പർ തീരുമാന പ്രകാരം കെ എം ജോസഫ് കോടിപറമ്പിൽ എന്നയാൾക്ക് പ്രതിമാസം 428/- രൂപ നിരക്കിൽ വാടക പുനർ നിർണ്ണയിച്ച് നൽകിയിരുന്നു. വാടക തുക നാളിതുവരെ (04/2019 മുതൽ 03/2020) അടവാക്കിയിട്ടില്ല. തൻവർഷത്തെ ആകെ വാടക കുടിശ്ശിക തുക 5136/-രൂപയാണ് (428X12=5136/-). വാടക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം. 11/24.06.2021) ശ്രീ. കെ.എം. ജോസഫിനെതിരെ ആർ. ആർ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. മേൽ നടപടിക്രമങ്ങൾ സ്വീകരിച്ച് വാടക കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 വാടക ഈടാക്കുന്നില്ല.

1)അക്ഷയ സെന്റർ പ്രവർത്തിക്കുന്ന മുറിയുടെ വാടക ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പ്രാവട്ടം ജംഗഷനിലുള്ള ഷോപ്പിംഗ് കോംപ്ലക്സി ലെ അക്ഷയ സെന്റർ പ്രവർത്തിക്കുന്ന (നം-15) മുറിയുടെ വാടക ഈടാക്കുന്നില്ല. ടി മുറിയിൽ അക്ഷയ കേന്ദ്രം പ്രവർത്തനം ആരംഭിച്ചതിന്റെയും തദ്ദേശ സ്ഥാപനവുമായി വാടകകരാർ ചമച്ചതിന്റെയും വിശദാംശങ്ങളും രേഖകളും ലഭ്യമല്ല. രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 11/25.06.11) കമ്മറ്റി തീരുമാന രജിസ്റ്റർ പരിശോധിച്ച് അറിയിക്കുന്നതാണെന്ന് മറുപടി നല്കി. ഇപ്രകാരം പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്ന സ്ഥപനങ്ങൾ പ്രവർത്തിക്കുന്ന മുറികളെ വാടകയിൽ നിന്ന് ഒഴിവാക്കുന്നതിന് കമ്മറ്റി തീരുമാനം, ഉത്തരവുകൾ എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മുറി വാടകക്ക് കരാർ നൽകിയ വർഷം മുതലുള്ള വാടക തുക പിഴ പലിശസഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2) കാർഷിക വിപണന കേന്ദ്രം പ്രവർത്തിക്കുന്ന മുറിയുടെ വാടക ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പ്രാവട്ടം ജംഗഷനിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ നീണ്ടൂർ കൃഷി ഭവനം കുടുംബശ്രീയുമായി ചേർന്ന കാർഷിക വിപണനകേന്ദ്രം പ്രവർത്തനം നടത്തുന്നതിന് 29.08.2018ലെ 8ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം മുറി (നം-5) അനുവദിച്ചുനൽകിയിട്ടുണ്ട്. നിലവിൽ വിപണന കേന്ദ്രം പ്രവർത്തനം നടത്തുന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല. തീരുമാനത്തിൽ പ്രതിമാസ വാടക നിർണ്ണയിച്ചത് സംബന്ധിച്ച വിവരങ്ങൾ, കരാർ ചമച്ചതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 11/25.06.2021) കാർഷിക വിപണന കേന്ദ്രത്തിന്റെ വാടക ഒഴിവാക്കിയത്

സംബന്ധിച്ചുള്ള കമ്മറ്റി തീരുമാനം രജിസ്റ്റർ പരിശോധിച്ച് അറിയിക്കുന്നതാണെന്നും മറുപടി നല്കി . പ്രതിമാസ വാടകയിൽ നിന്ന് വിപണനകേന്ദ്രത്തെ ഒഴിവാക്കുന്നതിന് കമ്മറ്റി തീരുമാനം, ഉത്തരവുകൾ എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധക്ക് ഹാജരാക്കേണ്ടതാണ്. നിലവിൽ വിപണന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെങ്കിൽ പ്രതിമാസ വാടക നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ഖരമാലിന്യ സംസ്കരണം തുടർനടപടി സ്വീകരിച്ചിട്ടില്ല

ഗ്യാപ്പ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പഞ്ചായത്തിലെ 15വാർഡുകളിലും ഹരിത കർമ്മസേന രൂപീകരിക്കുകയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്ന് ശേഖരിച്ച് ബ്ളോക്ക് പഞ്ചായത്തിൽ സ്ഥാപിച്ച മെറ്റീരിയൽ കളക്ഷൻ സെന്ററിൽ (MCF) എത്തിക്കുകയും പ്രസ്തുത ആവശ്യത്തിലേക്കായുള്ള ഓണറേറിയം നൽകുകയും ചെയ്തിട്ടുണ്ട്. ഹരിത കർമ്മസേന അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് ബ്ളോക്ക് പഞ്ചായത്ത് കോംപൗണ്ടിൽ നിർമ്മിച്ചിട്ടുള്ള എം.സി.എഫ്- ൽ സൂക്ഷിച്ചിട്ടുണ്ട്. എം.സി.എഫിൽ അജൈവമാലിന്യങ്ങൾ കുന്നുകൂടിക്കിടക്കുന്നതല്ലാതെ ഇപ്പോഴും യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല എന്ന് സ്ഥല പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.(ബ്ലോക്ക് ഓഡിറ്റ് സമയത്ത് )

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം. 10394-ഡി-2017/കെ.എസ്.എച്ച്.ഒ തീയതി 23.4.2018 പ്രകാരം തരംതിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫിൽ നിന്ന് ആർ.ആർ.എഫിലേക്ക് എത്തിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 6.1 പ്രകാരം ഹരിതകർമ്മസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ട നിയമപരമായ ഇടപെടലുകൾ നടത്തുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളാണ്. കൂടാതെ സ.ഉ (സാധാ) നം.2420/2017/തസ്വഭവ തീയതി 15.7.17 ഖണ്ഡിക 3(17) പ്രകാരം ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പുനഃചംക്രമണം ചെയ്യുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സാധ്യമായിടങ്ങളിൽ ക്ലീൻ കേരള കമ്പനിയുമായി (ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റ് സ്ഥാപനങ്ങളുമായും) കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. മാലിന്യസംസ്കരണത്തിന് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ ആവിഷ്കരിക്കുകയോ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല. അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിക്കേണ്ടതാണ്.

എം.സി.എഫിൽ ശേഖരിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ പുനഃചംക്രമണം ചെയ്യുന്നതിനുവേണ്ട നടപടികൾ ബ്ളോക്ക് പഞ്ചായത്തുമായി ചേർന്ന് നടപ്പാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇതിനായി ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 നീർത്തട മാസ്റ്റർ പ്ലാൻ - തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം നീർത്തടാധിഷ്ഠിതമായി നടപ്പിലാക്കുന്നതിനായി നീണ്ടൂർ ഗ്രാമപഞ്ചായത്തിൽ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരുന്നത്. വിവിധങ്ങളായ തണ്ണീർത്തടങ്ങളാൽ സമ്പന്നമായ ഗ്രാമപഞ്ചായത്തിൽ തണ്ണീർത്തട രജിസ്റ്റർ തയ്യാറാക്കുന്നതിന് ഉദ്ദേശിച്ചുള്ളതായിരുന്നു പദ്ധതി. തനതുഫണ്ടിൽ നിന്നും 6090രൂപ ചെലവഴിച്ച് കുട്ടനാട് ഡെവലപ്പ്മെന്റ് സെക്ഷന്റെ സഹായത്തോടെ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ രൂപീകരിക്കുമ്പോൾ നീർത്തട വികസനവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാധ്യതകളും പരിഗണിച്ച് കൊണ്ടായിരിക്കണം കാർഷിക മേഖലയുടെ സമഗ്ര പരിപാടികൾക്ക് രൂപം നൽകേണ്ടത്. കാർഷിക വികസന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്താൻ വേണ്ട ഇടപടൽ നടത്തണം. [ ജി.ഒ (എം.എസ് ) 225/2012 തസ്വഭവ തീയതി 18.08.2012 ] നീർത്തട പരിപാലന പദ്ധതികളിലെ എല്ലാ ജലസേചന പരിപാടികളുടെയും മൂലധന ചെലവിന്റെ 10% എങ്കിലും ആ പ്രോജക്ടിന്റെ ഗുണം ലഭിക്കുന്ന കർഷകർ

അവരുടെ കൈവശമുള്ള സ്ഥലത്തിന്റെ വിസ്തൃതിക്ക് ആനുപാതികമായി സംഭാവന നൽകേണ്ടതാണ്. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായും വാർഷിക പദ്ധതിയുടെ ഭാഗമായും കാർഷിക മേഖലയിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമ്പോൾ സംയോജിത നീർത്തട പരിപാലന സമീപനം ഉണ്ടായിരിക്കുവാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-22 കന്നുകുട്ടി പരിപാലന പദ്ധതി- അപാകതകൾ

പ്രോജക്ട് നം. 09/20(പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി )

അടങ്കൽ- 750000 രൂപ ( വികസന ഫണ്ട്-187500 + സംസ്ഥാനാവിഷ്കൃത ഫണ്ട്- 187500+ ഗുണഭോക്തൃ വിഹിതം-375000 )

ചെലവ്- 187500 രൂപ ( ബിൽ നം. 2/19-20/06/11/19)

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്റിനറി സർജൻ.

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പദ്ധതി. പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് വിഹിതം 187500 (30x6250)രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കോട്ടയം കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.കൈപ്പുഴ ക്ഷീരോൽപ്പാദക സംഘത്തെയാണ് കാലിത്തീറ്റ വിതരണത്തിനായി തെരഞ്ഞെടുത്തത്. സംഘത്തിന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ പ്രകാശൻ കുഴികണ്ടത്തിൽ എന്ന ഗുണഭോക്താവ് നാളിതു വരെ കാലിത്തീറ്റ വാങ്ങിയതായി കണ്ടില്ല.

2.പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 ) ലഭ്യമാക്കിയ മറുപടിയിൽ ടിയാളുടെ പശുകിടാവ് കാലിതീറ്റ വിതരണം ആരംഭിക്കുന്നതിന് മുൻപേ മരണപ്പെട്ടെന്നും പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. പ്രകാശൻ കുഴികണ്ടത്തിൽ എന്ന ഗുണഭോക്താവിന് വേണ്ടി കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ഒടുക്കിയ തുക തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. കൂടാതെ പ്രോജക്ടിന്റെ നിർവ്വഹണകാലാവധിക്കു ശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-23 മരാമത്ത് പ്രവൃത്തികൾ- അപാകതകൾ

1.പ്രോജക്ടുകൾ നടപ്പാക്കാത്തതിനാൽ സർക്കാർ ധനസഹായം നഷ്ടമായി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെയും പൂർത്തിയാക്കി ബിൽ തുക നൽകിയതിന്റെയും ചെലവഴിച്ച തുകയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 36 | 52 | 88 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 18 | 13 | 31 |

ആകെ 88പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 31 എണ്ണം മാത്രമാണ് അസിസ്റ്റന്റ് എൻജിനീയർ തൻവർഷം നടപ്പാക്കിയത്. 18 സ്പിൽഓവർ പ്രോജക്ടുകളും 39 പുതിയ പ്രോജക്ടുകളും തൻവർഷം നടപ്പാക്കിയില്ല. 22781000 രൂപ പ്രോജക്ടുകളുടെ ആകെ അടങ്കലായി നിശ്ചയിച്ചിരുന്നു. ആയതിൽ 5133098 രൂപയാണ് ആകെ ചെലവ് (ചെലവ് ശതമാനം 22.5%).

അസിസ്റ്റന്റ് എൻജിനിയർ ചെലവഴിക്കാത്ത സർക്കാർ ഗ്രാന്റിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിക്കാത്ത തുക | ചെലവഴിക്കാത്ത തുകയുടെ |
|---|---|---|---|

| | | | |
|---|---|---|---|
| | | | നിരക്ക് |
| വികസനഫണ്ട് പൊതുവിഭാഗം | 1298000 | 1298000 | 100 |
| എസ് സി പി | 323000 | 323000 | 100 |
| ടി എസ് പി | 176000 | 176000 | 100 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7625000 | 4986176 | 65.3 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 4538000 | 2947346 | 64.9 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 3126000 | 2400403 | 76.7 |

ടി തുകകൾ ചെലവഴിക്കാത്തതിനാൽ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട തുക നഷ്ടമായി. ഇതിൽ മുപ്പത്തഞ്ചു പ്രോജക്ടുകൾക്കായി 7555050 രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. ഭൂരിഭാഗം പ്രോജക്ടുകളും പൂർത്തിയാക്കി ബിൽ സമർപ്പിച്ചിരുന്നെങ്കിലും ട്രഷറി നിയന്ത്രണം മൂലമാണ് ഇത്രയധികം തുക നഷ്ടമാകാനിടയായത്

ഇപ്രകാരം ഫണ്ടുകൾ ലാപ്സാകുന്നത് പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളെ ബാധിക്കുന്നതിനാൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. ഇതിന് പഞ്ചായത്ത് ഭരണ സമിതിയുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ പ്രവർത്തനം ഉണ്ടാകേണ്ടതും സർക്കാർ ധനസഹായം നഷ്ടപ്പെടാനുള്ള സാഹചര്യം ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

2.സ്പിൽഓവർ പദ്ധതികൾ തൻവർഷം പൂർത്തീകരിക്കുന്നില്ല

അസി. എഞ്ചിനിയർ നിർവ്വഹണോദ്യാഗസ്ഥനായി സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം | പേര് | അടങ്കൽ |
|---|---|---|
| 124/20 | പുല്ലാട്ട് റോഡ് മെയിന്റനൻസ് | 75000 |
| 125/20 | തൃക്കേൽ കുറ്റ്യനിക്കുളങ്ങര റോഡ് മെയിന്റനൻസ് | 125000 |
| 126/20 | ഓണംതുരുത്ത് എൽ പി എസ് മെയിന്റനൻസ് | 200000 |
| 127/20 | അങ്കണവാടി നിർമ്മാണം വാർഡ് 9 | 950000 |
| 128/20 | മൂഴിക്കുളങ്ങര വടക്കുംഭാഗമ പാടശേഖരം തോട് നീരഴക്ക് തടസ്സം മാറ്റി ആഴം കൂട്ടൽ | 100000 |
| 129/20 | മുയൽപാടം തോട് നീരഴക്ക് തടസ്സം മാറ്റി ആഴം കൂട്ടൽ | 100000 |
| 130/20 | മാങ്ങാട്ടുകുഴി മാനാടിത്തോട് നീരഴക്ക് തടസ്സം മാറ്റി ആഴം കൂട്ടൽ | 200000 |
| 132/20 | അങ്കണവാടി നിർമ്മാണം വാർഡ് | 950000 |
| 133/20 | തൃക്കേൽ പഞ്ചായത്ത് സ്റ്റേഡിയത്തിൽ ഇൻഡോർ ഷട്ടിൽ കോർട്ട് നിർമ്മാണം | 1000000 |
| 139/20 | ഓണംതുരുത്ത് കല്ലിടാന്തി റോഡ് ടാറിങ്ങ് | 150000 |
| 141/20 | അങ്കണവാടി 99അറ്റകുറ്റപണി | 175000 |
| 142/20 | പോത്തൻകോളനി സംരക്ഷണം | 176000 |
| | | |

| | | |
|---|---|---|
| 144/20 | പൊതുടോയ്ലെറ്റ് പഞ്ചായത്ത് ഓഫീസിൽ | 400000 |
| 145/20 | തുമ്പോർമുഴി കമ്പോസ്റ്റ് യൂണിറ്റ് | 480000 |
| 146/20 | പ്രാലേൽ താഴത്തെക്കുഴി റോഡ് | 214000 |
| 149/20 | കുര്യാറ്റുകുന്നേൽ കോളനി സംരക്ഷണഭിത്തി പുനർനിർമ്മാണം | 50000 |
| 150/20 | ആലുംപറമ്പ്- പുലിപ്ര റോഡ് കോൺക്രീറ്റിങ്ങ് | 191000 |
| 152/20 | പ്രാവട്ടം ബോട്ട് ജട്ടി റോഡ് ഓടനിർമ്മാണം | 499000 |

പ്രോജക്ടുകളുടെ ആദ്യ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് മരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ ഉൾപ്പെടുത്തുന്നത്. 29.3.17-ലെ ജി.ഒ (എം.എസ്) 72/2017/ തസ്വഭവ നമ്പർ മാർഗ്ഗരേഖാ ഉത്തരവ് ഖണ്ഡിക 6-8 (2) അനുസരിച്ച് സ്പിൽ ഓവർപ്രോജക്ടുകൾ അവ സ്പിൽ ഓവറായ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.

2019-20 വർഷത്തെ പൊതുമരാമത്ത് പദ്ധതികളിൽ 36 എണ്ണവും സ്പിൽ ഓവർ പദ്ധതികളായിരുന്നു. മുൻ വർഷങ്ങളിൽ ഏക വർഷ പ്രൊജക്ടുകളായി ആസൂത്രണം ചെയ്ത പദ്ധതികളിൽ 18 പദ്ധതികൾ നിർവ്വഹണത്തിനായി ഒരു അധിക വർഷം ലഭിച്ചിട്ടും നിർവ്വഹണം നടത്തുന്നതിന് സാധിച്ചിട്ടില്ല. മേൽ പ്രൊജക്ടുകൾക്ക് മാത്രമായി വകയിരുത്തിയ 6035000 രൂപ ഇപ്രകാരം നഷ്ടപ്പെട്ടിട്ടുണ്ട്.

3.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ആസ്തി പരിപാലനം

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല

പഞ്ചായത്തിൽ സൂക്ഷിക്കുന്ന ഡിജിറ്റൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.
ആസ്തി രജിസ്റ്റർ കാലികമാക്കാൻ നടപടി സ്വീകരിക്കാൻ 17.7.19 (അജണ്ട1 , തീരുമാനം 2 ) ലെ കമ്മിറ്റി അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തി തീരുമാനിച്ചെങ്കിലും
കാലികമാക്കിയിട്ടില്ല.

കൂടാതെ കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

## 1-25 പ്രവൃത്തി നടപ്പാക്കിയില്ല-കരാർ ലംഘനം നടത്തിയ കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടണമെന്ന കമ്മിറ്റി തീരുമാനം നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്ത് 2017-18 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ ഓണംതുരുത്ത് ഗവ. LPS മെയിന്റനൻസ് (പ്രോജക്ട് നം 45/18) എന്ന പ്രോജക്ട് രൂപികരിച്ച് 15/09/17 ൽ നടന്ന ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ 0.1% കുറഞ്ഞ നിരക്കിൽ ക്വോട്ട് ചെയ്ത കല്ലറ പാറേമാലിൽ ശ്രീ. പി ടി ജോസഫ് എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിരുന്നു. നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതിനാൽ കരാർ ലംഘനമായമായതിനാൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ ചട്ടം 4 പ്രകാരം കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടി കരാറിൽ നിന്ന് ഒഴിവാക്കാൻ അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തി 24.06.19 ലെ കമ്മറ്റി തീരുമാനിച്ച (അജണ്ട5 തീരുമാനം1) ടി തീരുമാനം നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 03/24.06.21) നടപടികൾ നടക്കുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. കമ്മിറ്റി തീരുമാനം നടപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നത് ശരിയായ നടപടിയല്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 ലൈഫ് പദ്ധതി അവലോകനം

2017-18 സാമ്പത്തികവർഷമായിരുന്ന ലൈഫിന്റെ ഒന്നാം ഘട്ടം.

അർഹരായ ഗുണഭോക്താക്കൾ ഇല്ലായിരുന്നു

2018-19ലെ രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരായവരെയായിരുന്നു ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്.

| | |
|---|---|
| അർഹരായ ഗുണഭോക്താക്കളുടെഎണ്ണം | 13--- |
| എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെഎണ്ണം | 13 |
| ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | 13 |
| ഭവനനിർമ്മാണം പൂർത്തീകരണ ഘട്ടത്തിലായവർ | - |
| #ഭവനനിർമ്മാണം ബേസ്മെന്റ് ലവൽ വരെ പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | - |
| *ഭവനനിർമ്മാണം ആരംഭിക്കാത്തവർ | - |

2019-20 ലെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരെയായിരുന്നു ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്

| | |
|---|---|
| അർഹരായ ഗുണഭോക്താക്കളുടെഎണ്ണം | 43 |
| സ്വന്തമായി ഭൂമി ആർജ്ജിച്ചവർ | 03 |
| സ്പോൺസർഷിപ്പ് വഴി ഭൂമി ലഭിച്ചവർ | - |
| പട്ടികജാതി വികസനവകുപ്പ് വഴി ഭൂമി ലഭിച്ചവർ | 01 |
| തദ്ദേശസ്വയംഭരണസ്ഥാപനം വഴി ലഭിച്ചവർ | 02 |

2019-20 ലെ മൂന്നാം ഘട്ടത്തിലെ സാമ്പത്തിക വിശകലനം

| വിഭാഗം | വികസനഫണ്ട് | സംസ്ഥാനാവിഷ്കൃത പദ്ധതി | ബ്ളോക്ക് വിഹിതം | ജില്ലാപഞ്ചായത്ത് വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| എസ്.സി വകയിരുത്തിയത് | 40000 | ------------- | ------ | ----------- | -- | 40000 |
| ചെലവ് | 40000 | ---- | ------- | ------- | ---- | 40000 |
| ജനറൽവകയിരുത്തിയത് | 1851235 | 200000 | 300000 | 1000000 | 500000 | 3851235 |

| | | | | | | |
|---|---|---|---|---|---|---|
| ചെലവ് | 1400000 | 200000 | ------ | --- | -460000 | 806000 |

## 1-27 പ്രത്യേക ആവശ്യങ്ങൾക്ക ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

വാർഷിക കണക്ക് പരിശോധനയിൽ ബി -4 ഷെഡ്യൂളിൽ പ്രത്യേക പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നതായി വ്യക്തമാകുന്നു. ടി തുകകൾ എന്ന് പഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ക്രമനം 3,7,8 പ്രകാരം പരാമർശിച്ചിട്ടുള്ള തുകകൾക്ക് പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുള്ളതായി കാണുന്നു. ടി പ്രോജക്റ്റുകൾ നടപ്പിലാക്കിയത് സംബന്ധിച്ച വിവരങ്ങൾ തൻവർഷത്തെ ചെലവ് പത്രികയിൽ നിന്ന് ലഭ്യമല്ല. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും ഗ്രാന്റ് തുകകൾ ചെലവഴിക്കാതിരുന്നത് പരാമർശിച്ചിരുന്നു. പ്രസ്തുത ഗ്രാന്റുകളുടെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-07/24.06.2021) പരാമർശിച്ചിട്ടുള്ള ഗ്രാന്റ് തുകകൾ വിവിധ ക്ഷേമ പദ്ധതികൾക്ക് ചെലവഴിച്ചിട്ടുണ്ടെന്നും, തുടർ വർഷങ്ങളിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതാണെന്നും മറുപടി നൽകി. ഇപ്രകാരം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ നിർവഹണ ഉദ്യോഗസ്ഥർ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രവും പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക സർക്കാരിലേക്ക് തിരിച്ചടവാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഗ്രാന്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | അക്കൗണ്ട് ഹെഡ് | ഇനം | തുക |
|---|---|---|---|
| 1 | 320100126 | പൈക്ക | 340000/- |
| 2 | 320200311 | ഫ്ലഡ് റിലീഫ് ഗ്രാന്റ് | 23103 |
| 3 | 320200302 | ആയുർവേദ ഡിസ്പെൻസറി മെയിന്റനൻസ് (ഡി എം ഒ,കോട്ടയം) | 250000/- |
| 4 | 320200319 | ഖരമാലിന്യ സംസ്കരണം | 1880000 |
| 5 | 320300103 | മാലിന്യമുക്ത പദ്ധി | 17700 |
| 6 | 320300199 | ആശ്രയപദ്ധതി (കുടുംബശ്രീജില്ലാമിഷൻ) | 224,734 |
| 7 | 320700105 | തൃക്കേൽ സ്റ്റേഡിയത്തിൽ ഇൻഡോർ ഷട്ടിൽ കോർട്ട് നിർമ്മിക്കുന്നതിന് നിർമ്മാണം, (പ്രോജക്റ്റ്നം-163/18) ജില്ലാപഞ്ചായത്ത് വിഹിതം | 600000/- |
| 8 | 320800199 | അംഗൻവാടി ടോയിലറ്റ്, പൈപ്പ് നിർമ്മാണംഅംഗൻവാടി നം-86(സി ഡി പി ഒ) | 118000 |
| 9 | 320900101 | നിർമ്മൽ പുരസ്കാർ ജില്ലാ പഞ്ചായത്ത് ശുചിത്വമിഷൻ വിഹിതം രണ്ടാംഗഡു | 150000 |
| 10 | 320200309 | സാക്ഷരത | 7566 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 21.06.2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ എസ് ഇ ബി | തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ(വാർഡ് 12, വാർഡ്2) 155/20 | 199980 | 199980 | -------- |
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽതെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ 185/20 | 181960 | 181960 | ------------ |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക ചെലവഴിച്ചിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 460000/-രൂപ വരവുണ്ട്. വായ്പാതുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ജി.ഓ (എം.എസ്) 68/2018, 18.05.2018 ജി.ഓ (എം.എസ്) 100/2018, 30.07.2018 | 1140296 | 680296 | 176471 | ......... | 963825 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി ഈയിനത്തിൽ തൻവർഷം വരവില്ല.

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ ഇല്ല

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം ഇല്ല

-

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | -40376105- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 37945892 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1998-99 | കെ.എസ്.എ-കെ.ടി.എം.പി9/ അദാ/18/56(1)/18/29.1.18 | |
| 1999-2000 | കെ.എസ്.എ-കെ.ടി.എം.പി9/ അദാ18/56(2)/18/29.1.18 | |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി9/ അദാ18/56(3)/18/29.1.18 | |
| 2001-02(ഡിസിബി) | എൽ.എഫ്.കെ.പി4/890/07/28.02.08/22.03.08 | |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി4/688/05/05.05.2007 | |
| 2002-03(വരവ്) | എൽ.എഫ്.കെ.പി9/അദാ18/56(5)/18/29.1.18 | |
| 2006-07 | എൽ.എഫ്.കെ.പി9/അദാ18/56(10)/18/29.1.18 | |
| 2007-08 | എൽ.എഫ്.കെ.പി9/അദാ(18)56(11)/18/29.01.18 | |
| 2008-09 | എൽ.എഫ്.കെ.പി9/(അദാ18)/56(12)/18/29.1.18 | |
| 2009-10 | എൽ.എഫ്.കെ.പി10/406/15/23.11.2015 | |
| 2010-11 | എൽ.എഫ്.കെ.പി10/570/13/5.10.13 | |
| 2011-12 | എൽ.എഫ്.കെ.പി9/(അദാ18)56(15)/18/29.1.18 | |
| 2012-13 | എൽ.എഫ്.കെ.പി10/985/16/27.8.2016 | |
| 2013-14 | എൽ.എഫ്.കെ.പി10/1666/16/1.4.17 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.10-1667/16/30.5.17 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.9/954/17/19.12.17 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി-9/1429/17/1.01.2018 | |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി-9/17/19/08.03.2019 | |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി9/1010/2019 തീയതി.17.082019 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ നീണ്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ നീണ്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്